ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 05.06.2026

## പ്രധാനവാർത്തകൾ

1. പരിസ്ഥിതി സംരക്ഷണത്തോട് പ്രതിബദ്ധത പുലർത്തി സുസ്ഥിരമായ വളർച്ച ഉറപ്പാക്കണമെന്ന് ലോക പരിസ്ഥിതി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. പ്രകൃതിയുടെ സന്തുലിതാവസ്ഥയെ സംരക്ഷിച്ചു കൊണ്ടാകും സർക്കാർ എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ.
3. വനമേഖലകൾക്ക് സമീപം ഹൈവേകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ
4. സി എം ആർ എൽ- എക്സാലോജിക് പണമിടപാട് കേസിൽ ഇഡി അന്വേഷണം തുടരാമെന്നു ഹൈകോടതി.
5. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ദ്വൈമാസ പണ നയം പ്രഖ്യാപിച്ചു. തുടർച്ചയായ രണ്ടാം തവണയും റിപ്പോ നിരക്കുകളിൽ മാറ്റമില്ല.
6. സംസ്ഥാനത്ത് കാലവർഷം ശക്തി പ്രാപിക്കുന്നു. എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁

## പ്രധാനമന്ത്രി - ഗുജറാത്ത് - ദാമൻ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തും ദാമനും സന്ദർശിക്കും. സൂറത്തിൽ 18,800 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. വൈകുന്നേരത്തോടെ ദാമനിലേക്ക് തിരിക്കുന്ന പ്രധാനമന്ത്രി അവിടെ 2,970 കോടി രൂപയുടെ വികസന പദ്ധതികൾക്കും തുടക്കം കുറിക്കും.

❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁

## പരിസ്ഥിതി ദിനം -പ്രധാനമന്ത്രി

ഇന്ന് ലോക പരിസ്ഥിതി ദിനം. പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്; കാലാവസ്ഥയ്ക്കായി, നമ്മുടെ ഭാവിക്കായി' എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ പ്രമേയം. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയ പ്രമുഖർ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. പരിസ്ഥിതി സംരക്ഷണത്തോടുള്ള പ്രതിബദ്ധത പുതുക്കുന്നതിനും സുസ്ഥിരമായ വളർച്ച മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള ഓർമ്മപ്പെടുത്തലാണ് ഈ ദിനമെന്ന് പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

RNU TVPM

❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁

## പരിസ്ഥിതി ദിനം (ഇൻട്രോ)

വികസനവും പരിസ്ഥിതി സംരക്ഷണവും കൈകോർത്ത് മുന്നേറുന്ന ഭാവിയാണ് നമുക്ക് പടുത്തുയർത്തേണ്ടതെന്നും അതിനായി സർക്കാരും പൊതുനങ്ങളും ഒന്നിച്ചുപ്രവർത്തിക്കണമെന്നും സംസ്ഥാന വനംവകുപ്പ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശിവപ്രസാദ് ആർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്)

❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁

## ഫലവൃക്ഷത്തൈ നടീൽ - മുഖ്യമന്ത്രി

കർഷകരാണ് പരിസ്ഥിതിയുടെ സംരക്ഷകരെന്നും സർക്കാർ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ സംരക്ഷിച്ചു കൊണ്ടുള്ളതായിരിക്കുമെന്നും മുഖ്യമന്ത്രി വി. ഡി. സതീശൻ. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ഫലവൃക്ഷത്തൈ നടീൽ' സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടേറിയറ്റ് അങ്കണത്തിൽ നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കൃഷി മന്ത്രി ടി.സിദ്ധിഖ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കർഷകരായ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു.

## പരിസ്ഥിതി ദിനാചരണം - സംസ്ഥാനം

വനമേഖലകൾക്ക് സമീപം ഹൈവേകളിലും മറ്റും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുമെന്ന് വനംവകുപ്പ് മന്ത്രി ഷിബു ബേബി ജോൺ, ഇത്തരം മേഖലകളിൽ നിരീക്ഷണത്തിനായി ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു. ലോക പരിസ്ഥിതി ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. ഗതാഗത മന്ത്രി സിപി ജോണും പരിപാടിയിൽ പങ്കെടുത്തു.

## ഇടുക്കി (ഇൻട്രോ)

കോൺക്രീറ്റ് വനങ്ങൾ നഗരങ്ങളെ കീഴടക്കുമ്പോൾ പച്ചപ്പിന്റെ തണലൊരുക്കുകയാണ് തൊടുപുഴയിലെ അമരംകാവ്. നൂറ്റാണ്ടുകളുടെ പഴമയുള്ള ഈ കാവ് ഇന്ന് തൊടുപുഴ നഗരത്തിന്റെ ജീവവായുവായി നിലകൊള്ളുന്നു. ലോക പരിസ്ഥിതി ദിനത്തിൽ ജൈവവൈവിധ്യത്തിന്റെ ഈ അപൂർവ കലവറയെ അടുത്തറിയാം.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ

(വോയ്സ്)

## സി എം ആർ എൽ - ഹൈക്കോർട്ട്

സി എം ആർ എൽ- എക്സാലോജിക് പണമിടപാട് കേസിൽ ഇഡി അന്വേഷണം തുടരാമെന്നു ഹൈകോടതി. അന്വേഷണം തടയണമെന്നാവശ്യപ്പെട്ട് സി എം ആർ എൽ ഹൈകോടതിയിൽ സമർപ്പിച്ച ഹർജി തള്ളി. അന്വേഷണം നിയമപരമാണെന്ന് ജസ്റ്റിസ് രാജാവിജയരാഘവൻ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് വ്യക്ത മാക്കി. ഇതിൻറെ അടിസ്ഥാനത്തിൽ സിഎംആർഎൽ – എക്സാലോജിക് കേസിൽ തുടർനടപടി വിലയിരുത്തുന്നതിനായി ഇ.ഡി ഡയറക്ടർ രാഹുൽ നവീൻറെ നേതൃത്വത്തിൽ കൊച്ചിയിൽ യോഗം ചേരുകയാണ്.

## റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ദ്വൈമാസ പണ നയം പ്രഖ്യാപിച്ചു. റിപ്പോ നിരക്കുകളിൽ മാറ്റമില്ലെന്ന് RBI ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. തുടർച്ചയായ രണ്ടാം തവണയും പലിശ നിരക്കുകളിൽ മാറ്റം വരുത്തേണ്ടെന്ന് പണ നയ സമിതി ഏകകണ്ഠമായി തീരുമാനിക്കുകയായിരുന്നുവെന്ന് അദ്ദേഹം അറിയിച്ചു. റിപ്പോ നിരക്ക് 5.25 ശതമാനമായി നിലനിർത്തും. ജിഡിപി വളർച്ച 6.9 ശതമാനത്തിൽ നിന്ന് 6.6 ശതമാനമായി കുറക്കാനും തീരുമാനമായതായി അദ്ദേഹം പറഞ്ഞു.

RNU TVPM

## പി.എം. സൂര്യ ഘർ

കേന്ദ്ര സർക്കാരിന്റെ 'പി.എം. സൂര്യ ഘർ: മുഫ്ത് ബിജ്ലി' പദ്ധതി നടപ്പിലാക്കിയതിൽ എറണാകുളം ജില്ലക്ക് മികച്ച നേട്ടം. പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ സോളാർ പാനലുകൾ സ്ഥാപിച്ച ജില്ലകളുടെ പട്ടികയിൽ രാജ്യത്ത് എട്ടാം സ്ഥാനത്താണ് എറണാകുളം. ജില്ലയിൽ 42843 വീടുകളിലാണ് റൂഫ് ടോപ് സോളാർ പാനലുകൾ ഘടിപ്പിച്ചിട്ടുള്ളത്. ന്യൂഡൽഹിയിലെ അടൽ അക്ഷയ് ഊർജ്ജ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷിയിൽ നിന്നും ജില്ലാ കളക്ടർ ജി. പ്രിയങ്ക ദേശീയ പുരസ്കാരം ഏറ്റുവാങ്ങി. ഏറ്റവും കൂടുതൽ സോളാർ പാനലുകൾ സ്ഥാപിച്ച

സംസ്ഥാനങ്ങളുടെ പട്ടികയിൽ ദേശീയതലത്തിൽ കേരളം നാലാം സ്ഥാനത്താണ്.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## റെയിൽവൺ

ഡിജിറ്റൽ ടിക്കറ്റിംഗിൽ സുപ്രധാന നേട്ടം കൈവരിച്ച് തിരുവനന്തപുരം റെയിൽവേ ഡിവിഷൻ. ഡിവിഷനിലെ അൺറിസേർവ്ഡ് -ജനറൽ- ടിക്കറ്റുകളിൽ അഞ്ചിൽ ഒന്ന് എന്ന നിരക്കിൽ ഇപ്പോൾ യാത്രക്കാർ ബുക്ക് ചെയ്യുന്നത് 'റെയിൽവൺ' മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ്. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും നിരന്തരമായി നടത്തിയ ബോധവൽക്കരണ പരിപാടികളുടെ ഫലമായാണ് ഈ നേട്ടം.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ആരാധനകളിൽ ആദ്യത്തേതായ തിരുവോണം ആരാധന ഇന്ന്. വൈശാഖോത്സവത്തിൽ പങ്കെടുക്കാനായി ഓരോ ദിവസവും അക്കരെ കൊട്ടിയൂരിൽ വലിയ ഭക്തജന തിരക്ക് ആണ് അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## മഴ

സംസ്ഥാനത്ത് കാലവർഷം എത്തിയ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതെയന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ 11 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക്

RNU TVPM

സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരളം-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## ഇ.എസ്.ഐ പരിരക്ഷ

ഇ.എസ്.ഐ പരിരക്ഷയുള്ള ജീവനക്കാരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി അഖിലേന്ത്യാ തലത്തിൽ 22 മെഡിക്കൽ കോളേജുകളിലായി 783 സീറ്റുകൾ അനുവദിച്ചു. ഇതിന് കീഴിൽ എംബിബിഎസ്, ബിഡിഎസ്, ബിഎസ്സി നഴ്സിംഗ് കോഴ്സു കളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈൻ പോർട്ടൽ വഴി ഈ മാസം 21 വരെ അപേക്ഷിക്കാം.

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം തുടങ്ങി . സെൻസെക്സ് 222 പോയിന്റ് ഉയർന്നു 74,582 ലും, നിഫ്റ്റി 58 പോയിന്റ് നേട്ടത്തിൽ 23,474 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ ഇടിവ്. ഗ്രാമിന് 35 രൂപ താഴ്ന്ന് 14,275 രൂപയും പവന് ഒരു ലക്ഷത്തി 14,200 രൂപയുമാണ് ഇന്നത്തെ വില.

## കെ അണ്ണാമലൈ

തമിഴ്നാട് ബിജെപി മുൻ അധ്യക്ഷൻ കെ അണ്ണാമലൈ പാർട്ടിയിൽ നിന്നും രാജി വച്ചു. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ രാജി ഔദ്യോഗികമായി അംഗീകരിച്ചു.

## എം ലിജു - മദ്യനയം

RNUTVPM

സംസ്ഥാനത്ത് മദ്യനയം ഉടൻ നടപ്പാക്കുമെന്ന് മന്ത്രി എം ലിജു. ബാറുകളുടെ എണ്ണം കുറയ്ക്കാൻ കഴിയുമോ എന്നത് ഇപ്പോൾ പറയാനാകില്ല എന്നും അഴിമതി രഹിതമായി വകുപ്പിന് മുന്നോട്ട് കൊണ്ടുപോവുകയാണ് ആവശ്യമെന്നും മന്ത്രി പറഞ്ഞു. ഓപ്പറേഷൻ തൂഫാൻ പോലെ എക്സൈസിന്റെ തനത് ലഹരി വിരുദ്ധ പരിപാടി ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM